





# ലിറ്റിൽ കൈറ്റ്സ് ശില്പശാല

# ഏകദിനക്യാമ്പ് റിപ്പോർട്ട് 2019-20

## ഉദ്ഘാടനം

വിമല ഹൃദയ ഗേൾസ് ഹയർ സെക്കൻററി സ്കൂളിൽ 21.01.2019 വെള്ളിയാഴ്ച്ച ലിറ്റിൽ കൈറ്റ്സിന്റെ ശില്പശാല ഏകദിനക്യാമ്പ് ഈശ്വര പ്രാർത്ഥനയോടുക്കൂടി ആരംഭിക്കുകയും ഉദ്ഘാടന കർമ്മം ഡെപ്യൂട്ടി എച്ച്. എം ശ്രീമതി മേരി ബീന ടീച്ചർ നിർവഹിച്ചു. അദ്ധ്യാപകരുടെ പ്രതിനിധിയായി സിസ്റ്റർ സിന്ദ്യ മേരി ലിറ്റിൽ കൈറ്റ്സിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിച്ചു. തുടർന്ന് കൈറ്റ് മിസ്ട്രസ്സുമാരായ സിസ്റ്റർ ജോസ്ലിൻ, ശ്രീമതി സീന ടീച്ചർ കുട്ടികൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി



## ക്യാമ്പ് പരിശീലനം

ലിറ്റിൽ കൈറ്റ് ലീഡറായി അർച്ചനയും ഡെപ്യൂട്ടി ലീഡറായി ശ്രീദേവിയേയും സെക്രട്ടറി ആയി ഐശ്വര്യയെയും തിരഞ്ഞെടുത്തു. ക്യാമ്പ് പ്രവർത്തനങ്ങളുടെ തുടക്കമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ ആറ് ഗ്രൂപ്പുകളായി തിരിച്ചു. ഓരോ ഗ്രൂപ്പിനും സാങ്കേതിക ഉപകരണങ്ങളുടെ പേരും ലീഡറും ഉണ്ടായിരുന്നു. ക്യാമ്പ് പ്രവർത്തനങ്ങൾ സെക്ഷനുകളായാണ് . ഇതിൽ സെക്ഷൻ ഒന്നും രണ്ടും ഗ്രൂപ്പ് വർക്കുകളാണ്. ഓരോ വർക്കിനും സ്കോറുകൾ ഉണ്ട്. സ്കോർ മാസ്റ്റർസായി ഭദ്രയേയും ശ്രീദേവിയേയും തിരഞ്ഞെടുത്തു. ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത് സീന ടീച്ചറാണ്. പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സ്കോർ മാസ്റ്റർസ്സ് സ്കോറുകൾ സ്കോർ ചാർട്ടിൽ രേഖപ്പെടുത്തുകയും ചെയ്തു.

| ഗ്രൂപ്പിന്റെ പേര് | സെഷൻ – 1 | സെഷൻ – 2 | സെഷൻ – 3 | ആകെ |
|---|---|---|---|---|
| ഡസ്ക്ടോപ്പ് | 29 | 5 | 9 | 43 |
| ലാപ്ടോപ്പ് | 16 | 5 | 9 | 30 |
| ടാബ്ലറ്റ് | 18 | 5 | 9 | 32 |
| പ്രോജക്ടർ | 22 | 4 | 15 | 41 |
| സ്കാനർ | 18 | 4 | 15 | 37 |
| പ്രിന്റർ | 18 | 4 | 15 | 37 |

സ്കോർ ചാർട്ട്




## സ്ക്രാച്ച് പരിശീലനം

സെക്ഷൻ-3 സ്ക്രാച്ച് പ്രോഗ്രാമിങ്ങിനെക്കുറിച്ചായിരുന്നു.സ്ക്രാച്ചിനെക്കുറിച്ചും അതിന്റെ പ്രവർത്തനരീതികളെക്കുറിച്ചും സിസ്റ്റർ ജോസ്റ്റിൻ ക്ലാസ് എടുത്തു. സ്ക്രാച്ചിൽ ഗേയിം നിർമ്മിക്കുന്ന രീതി പറഞ്ഞുതരുന്നതിനോടൊപ്പം സ്ക്രാച്ചിൽ നിർമ്മിച്ച പല ഗെയിമുകളും ഞങ്ങൾ കളിച്ചുനോക്കി. കളിച്ച

എല്ലാവരുടെയും ടീമിന്റെ സ്കോർ സ്കോർമാസ്റ്റർസ് പട്ടികയിൽ തിട്ടപ്പെടുത്തിയിരുന്നു.



## സെക്ഷൻ 4,5

സെക്ഷൻ 4 ആനിമേഷനെക്കുറിച്ചായിരുന്നു.ആനിമേഷനെക്കുറിച്ചുള്ള വീഡിയോകൾ കാണിച്ചുതരികയും വിശദീകരിക്കുകയും ചെയ്തു.അഞ്ചാം സെക്ഷനിൽ MIT ആപ്പ് ഇൻവെന്ററിനെക്കുറിച്ചുള്ള വീഡിയോസാണ് ഉൾപ്പെട്ടിരുന്നത്.ആപ്പ് ഇൻവെന്ററിനെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

## ഫീഡ്ബാക്ക്

ക്യാമ്പിന്റെ അവസാനഘട്ടത്തിൽ ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ ഫീഡ്ബാക്ക് പറയാൻ എത്തി.ക്യാമ്പിന്റെ ഉപയോഗങ്ങളെക്കുറിച്ചും അത് എങ്ങനെ അസ്വദിച്ചതിനെക്കുറിച്ചും അഭിപ്രായങ്ങൾ പറഞ്ഞു. കൃത്യം നാല് മുപ്പതിന് ക്യാമ്പ് അവസാനിച്ചു.

